ഇടത് സർക്കാർ പാവങ്ങളോടൊപ്പമല്ല : സുധീരൻ

തിരുവനന്തപുരം: ഇടത് സർക്കാർ പാവങ്ങളോടൊപ്പമല്ല, അതി സമ്പന്നർക്കൊപ്പമാണെന്ന് കോൺഗ്രസ് നേതാവ് വി.എം. സുധീരൻ പറഞ്ഞു. ഭരണപരാജയം കൊണ്ട് ജനകീയ അടിത്തറയിലുണ്ടായ തകർച്ചയിൽ നിന്ന് കരകയറാനാണ് മുമ്പ് അധിക്ഷേപിച്ച കക്ഷികളെ സി.പി.എം മുന്നണിയിലേക്ക് വീണ്ടും ക്ഷണിക്കുന്നതെന്നും സുധീരൻ തന്റെ ഫേസ്ബുക്കിൽ പോസ്റ്റിൽ പരാമർശിച്ചു.കമ്മ്യൂണിസത്തെ കൈവിട്ട് മുതലാളിത്ത പാതയിലൂടെയുള്ള പിണറായി സർക്കാരിന്റെ സഞ്ചാരം ഇടതുപക്ഷത്തിന്റെ തന്നെ വിമർശനത്തിന് ഇടയാക്കി- സുധീരൻ പോസ്റ്റിൽ പറയുന്നു.

കോപ്ടർ അപകടത്തിൽ കോതമംഗലം സ്വദേശിയും

കോതമംഗലം: രാമല്ലൂർ മിനിപ്പടി സ്വദേശി പെരുമ്പിള്ളിച്ചിറ ജോസ് ആന്റണി (54) കൊച്ചാന്റണിയുടെയും പെണ്ണമ്മയുടെയും മകനാണ്. കോതമംഗലം എം.എ എൻജിനിയറിംഗ് കോളേജിൽ 1988 ൽപഠനം പൂർത്തിയാക്കി. 89ൽ ഒ.എൻ.ജി.സിയിൽ ജോലിക്ക് കയറി. 12 വർഷമായി മുബയിലാണ്.

രണ്ടാഴ്ച മുൻപ് ബന്ധുവിന്റെ വിവാഹത്തിന് കുടുംബസമേതം കോതമംഗലത്ത് എത്തിയിരുന്നു. ഭാര്യ: റാണി (എറണാകുളം പുത്തൻപുരയ്ക്കൽ കുടുംബാംഗം). മക്കൾ: രശ്മിത റോസി, റെനിത റോസി.

ബിന്ദുലാൽ

ചാലക്കുടി: മുംബയ് ഹെലികോപ്ടർ അപകടത്തിൽപ്പെട്ട ബിന്ദുലാൽ ബാബു ചേനത്തുനാട് സ്വദേശിയാണ്. വർഷങ്ങൾക്ക് മുമ്പ് ചാലക്കുടിയിൽ നിന്നും ഇയാളുടെ കുടുംബം, സ്ഥലം മാറിപ്പോയിരുന്നു. ചാലക്കുടിയിലെ അദ്ധ്യാപകൻ കുട്ടപ്പന്റെ മകനായിരുന്ന ബിന്ദുലാലിന് മൂന്ന സഹോദരങ്ങൾ കൂടിയുണ്ട്. കലാഭവൻ മണിയുടെ വീടിനടുത്താണ് ഇവർ താമസിച്ചിരുന്നത്. മുംബയ് ഒ.എൻ.ജി.സിയിൽ ജോലി ലഭിച്ച ബിന്ദു ലാൽ ബാബു അവിടുത്തെ ഡോക്ടറായ ഷൈനിയെ വിവാഹം ചെയ്തു. രണ്ടു മക്കളുണ്ട്. ആറുമാസം മുമ്പ് തൃശൂരിലെ മൂത്ത ജ്യേഷ്ഠൻ ശ്യാം ബാബുവിന്റെ വീട്ടിൽ വന്നിരുന്നു. മറ്റൊരു ജ്യേഷ്ഠൻ അജിത്ത് കല്ലേറ്റുംകരയിലാണ് താമസം. പരേതനായ മഹേഷ് ബാബുവും സഹോദരനാണ്.

ശ്രീജിവിന്റെ മരണം: പുനഃപരിശോധന ആവശ്യപ്പെടും

തിരുവനന്തപുരം: നെയ്യാറ്റിൻകര സ്വദേശി ശ്രീജിവിന്റെ കസ്റ്റഡിമരണം സംബന്ധിച്ച അന്വേഷണം ഏറ്റെടുക്കാൻ പറ്റില്ലെന്ന സി.ബി.ഐ നിലപാട് പുനഃപരിശോധിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെടും. ഇത് സംബന്ധിച്ച് കേന്ദ്ര പേഴ്സണൽ മന്ത്രാലയത്തിന് കത്തെഴുതാൻ ചീഫ് സെക്രട്ടറിയോട് മുഖ്യമന്ത്രി പിണറായി വിജയൻ നിർദ്ദേശിച്ചു.

ശ്രീജിവിന്റെ കസ്റ്റഡി മരണത്തെ തുടർന്ന് സമരം നടത്തുന്ന സഹോദരൻ ശ്രീജിത്തിനോട് അനുഭാവപൂർണമായ നിലപാടാണ് സർക്കാരിനുള്ളത് എന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

ജഡ്ജിയുടെ പേരിൽ വ്യാജ ഫേസ്ബുക്ക് അക്കൗണ്ട്: കേസെടുത്തു

കൊച്ചി : ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ബി. കെമാൽ പാഷയുടെ പേരിൽ വ്യാജ ഫേസ്ബുക്ക് അക്കൗണ്ട് തുറന്നെന്ന പരാതിയിൽ എറണാകുളം സെൻട്രൽ പൊലീസ് കേസെടുത്തു. അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറി കൊച്ചി സിറ്റി പൊലീസ് കമ്മിഷണർ എം.പി. ദിനേശിന് നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് കേസ്.

കമാൽ പാഷയെന്ന പേരിൽ ജഡ്ജിക്ക് അക്കൗണ്ടില്ലെന്നും അദ്ദേഹം ഫേസ്ബുക്ക് നോക്കാറില്ലെന്നും പരാതിയിൽ പറയുന്നു. കെമാൽ പാഷയുടെ ചിത്രം ഹൈക്കോടതി വെബ്സൈറ്റിൽ നിന്ന് എടുത്തതാണ്. വ്യാജ അക്കൗണ്ടിലൂടെ ജഡ്ജിയുടെ പദവിക്കും യശസിനും അപകീർത്തി വരുത്താനുള്ള ശ്രമമാണിതെന്നും സൈബർ സെൽ മുഖേന ഫേസ് ബുക്ക് അക്കൗണ്ട് നീക്കം ചെയ്യണമെന്നും പരാതിയിൽ പറയുന്നുണ്ട്.

കൂടുതൽ പറയാൻ സഖാക്കൾക്കൊപ്പം : വീരേന്ദ്രകുമാർ

കായംകുളം: കൂടുതൽ കാര്യങ്ങൾ പറയാൻ ഇനി സഖാക്കൾക്കൊപ്പം ഉണ്ടാകുമെന്ന് ജനതാദൾ (യു) സംസ്ഥാന പ്രസിഡന്റ് എം.പി. വീരേന്ദ്രകുമാർ പറഞ്ഞു. എനിക്ക് ഇന്ന് സന്തോഷത്തിന്റെ ദിനമാണ്. ഏഴ് കൊല്ലമായി ഞാനും എന്റെ പാർട്ടിയും യു.ഡി.എഫിലായിരുന്നു. അതുവിട്ടുവെന്ന് ഞാൻ പ്രഖ്യാപിച്ചു. കായംകുളത്ത് സി.പി.എം സമ്മേളന വേദിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പ് കാലത്ത് കാസർകോട്ട് പോയി താൻ എൽ.ഡി.എഫിന് എതിരായി പ്രസംഗിച്ചിട്ടില്ല. കാരണം എ.കെ.ജി യുടെ മകളെ കല്യാണം കഴിച്ച കരുണാകരനാണ് അവിടെ എൽ.ഡി.എഫ് സ്ഥാനാർത്ഥി. കരുണാകരന് വോട്ട് ചെയ്യണ്ടാന്ന് വീരേന്ദ്രകുമാർ പറയില്ല. അത് ഏത് മുന്നണിയായാലും ശരി.

എന്നെ ആദ്യം ഇന്ദിരാഗാന്ധിക്ക് പരിചയപ്പെടുത്തിയത് എ.കെ.ജിയാണ്. അപ്പോൾ അവർ എഴുന്നേറ്റു നിന്നു. എ.കെ.ജി ഇരുന്നശേഷമേ ഇന്ദിരാഗാന്ധി ഇരുന്നുള്ളൂ. ഇപ്പോൾ അഭിപ്രായം പറഞ്ഞവർ എ.കെ.ജിയെപ്പറ്റി പഠിച്ചിട്ടില്ല. തൃത്താലയിലെ താടി വച്ച ചെറുപ്പക്കാരൻ എന്തും പറയാമെന്ന് കരുതരുതെന്നും വീരേന്ദ്രകുമാർ പറഞ്ഞു.

ഹെലികോപ്റ്റർ അപകടം

ശ്രീനിവാസന്റെ വിയോഗം മകന്റെ വിവാഹനിശ്ചയം നടക്കാനിരിക്കെ

പ്രഭുവാര്യർ

തൃശൂർ: മുംബയിൽ പവൻഹംസ് ഹെലികോപ്റ്റർ കടലിൽ തകർന്നു വീണ് മരിച്ച തൃശൂർ സ്വദേശി പി.എൻ. ശ്രീനിവാസൻ, മകൻ അർജ്ജുൻ കിരണിന്റെ വിവാഹ നിശ്ചയത്തിനുള്ള ഒരുക്കത്തിലായിരുന്നു.

ബാങ്ക് ഉദ്യോഗസ്ഥനായ അർജ്ജുന്റെ വിവാഹ നിശ്ചയം മാർച്ച് 30നാണ്. ഇതുമായി ബന്ധപ്പെട്ട് തൃശൂരിലുള്ള സഹോദരൻ കൃഷ്ണൻകുട്ടിയെ രണ്ടാഴ്ച മുമ്പ് ശ്രീനിവാസൻ ഫോണിൽ വിളിച്ചിരുന്നു.

എൻജിനിയറിംഗ് പഠനത്തിന് ശേഷം 35 വർഷം മുമ്പ് മുംബയിൽ താമസം തുടങ്ങിയ ശ്രീനിവാസൻ എല്ലാ വർഷവും ദീപാവലിക്ക് തൃശൂരിലെത്തും. ഒടുവിൽ എത്തിയത് ഒക്ടോബർ 18 ന് സഹോദരിയുടെ മകളുടെ വിവാഹത്തിനാണ്. ഇന്നലെ ഉച്ചയോടെ മുംബയിലുള്ള മറ്റൊരു സഹോദരൻ സുരേന്ദ്രനാണ് തൃശൂരിലേക്ക് വിളിച്ച് ശ്രീനിവാസന്റെ അപകട വിവരം അറിയിച്ചത്. വൈകുന്നേരത്തോടെ കണ്ടെത്തിയ മൃതദേഹം ആശുപത്രിയിലേക്ക് മാറ്റിയതായി ബന്ധുക്കൾക്ക് വിവരം ലഭിച്ചു. മൃതദേഹം മുംബയിൽ തന്നെ സംസ്കരിക്കുമെന്ന് സഹോദരൻ കൃഷ്ണൻകുട്ടി പറഞ്ഞു.

പൂങ്കുന്നം സീതാറാം മില്ലിന് പുറകുവശത്തുള്ള പൂക്കാട്ടുപറമ്പിൽ നാരായണന്റെയും പരേതയായ അംബുജാക്ഷിയുടെയും മകനാണ് ശ്രീനിവാസൻ. ശാന്ത, കൃഷ്ണൻകുട്ടി, രുഗ്മിണി, സുരേന്ദ്രൻ, ലളിത, പ്രസന്ന, രാധാമണി എന്നിവരാണ് സഹോദരങ്ങൾ.

ഭാര്യ: ജയശ്രീ. മക്കൾ: അർജ്ജുൻ കിരൺ, ഐശ്വര്യ.

അപകടത്തിൽ പെട്ട ചാലക്കുടി ചേനത്തുനാട് വലിയപറമ്പിൽ വി.കെ. ബിന്ദുലാലിന്റെ മരണത്തെക്കുറിച്ച് ബന്ധുക്കൾക്ക് ഇതുവരെ ഔദ്യോഗിക വിവരമില്ല. സൈനിക സ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം ധൻബാദിൽ നിന്ന് മൈൻസ് എൻജിനിയറിംഗിൽ ബിരുദം നേടിയ ഉടൻ ബിന്ദുലാലിന് ജോലി ലഭിച്ചു. മുംബയിലായിരുന്നു നിയമനം. 26 വർഷം മുമ്പ് മുംബയിൽ താമസം തുടങ്ങിയെങ്കിലും എല്ലാ വർഷവും നാട്ടിലെത്തും. തറവാട്ട് ഭൂമിയിൽ താമസമില്ലാത്തതിനാൽ ഇരിങ്ങാലക്കുട കല്ലേറ്റുംകരയിൽ താമസിക്കുന്ന സഹോദരൻ അജിയുടെ അടുത്താണ് എത്താറുള്ളത്. ജ്യേഷ്ഠന്റെ മകളുടെ വിവാഹത്തിന് 2016ലാണ് ഒടുവിൽ നാട്ടിലെത്തിയത്.

അപകടവിവരം മാദ്ധ്യമങ്ങളിലൂടെ അറിഞ്ഞ ബന്ധുക്കൾ ഇന്നലെ രാത്രിയോടെ വിമാന മാർഗം മുംബയിലേക്ക് തിരിച്ചു.

ചാലക്കുടി ചേനത്തുനാട് വലിയപറമ്പിൽ വി.കെ. കുട്ടപ്പൻ മാസ്റ്ററുടെയും നാരായണി ടീച്ചറുടെയും മകനാണ് ബിന്ദുലാൽ. ശ്യാംബാബു, അജിത്ത് ബാബു, പരേതനായ മഹേഷ് ബാബു എന്നിവരാണ് സഹോദരങ്ങൾ. ഭാര്യ ഡോ. ഷൈനി. മക്കൾ. ബിപാഷ ബാബു, സുശാന്ത്.

ലൈംഗിക അടിമയാക്കാൻ ലൗജിഹാദ് പ്രതിയുടെ അമ്മയ്ക്കെതിരെയും കേസ്

കൊച്ചി: പത്തനംതിട്ട സ്വദേശിയായ യുവതിയെ പ്രണയം നടിച്ച് ലൈംഗികമായി പീഡിപ്പിച്ച ശേഷം, ഭീഷണിപ്പെടുത്തി മതം മാറ്റിയ കേസിൽ മുഖ്യപ്രതിയുടെ അമ്മയും കുടുങ്ങും. മാഹി പരിമടം സ്വദേശി അബ്ദുൾ റഷീദിന്റെ ഭാര്യ സീനത്തിനെതിരെയാണ് പൊലീസ് കേസെടുക്കുന്നത്. ഇവരുടെ മകൻ മുഹമ്മദ് റിയാസാണ് പത്ത് പ്രതികളുള്ള കേസിലെ മുഖ്യപ്രതി.

സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം വിവാഹം രജിസ്റ്റർ ചെയ്യും മുമ്പേ സീനത്ത് പെൺകുട്ടിയെ നിരന്തരം വിളിച്ച് മതം മാറ്റത്തിന് പ്രേരിപ്പിച്ചിരുന്നു. അഞ്ച് നേരവും നിസ്കരിച്ചോ എന്ന് വരെ തിരക്കിയിരുന്നതായി പെൺകുട്ടിയുടെ മൊഴിയിലുണ്ട്. അമ്മയുടെ അറിവോടെയും നിർദ്ദേശ പ്രകാരവുമാണ് മതം മാറ്റവും നിക്കാഹും നടന്നത്. ഈ സാഹചര്യത്തിലാണ് ഇവരെയും പ്രതിയാക്കാൻ പൊലീസ് തീരുമാനിച്ചത്.

ബംഗളൂരുവിൽ എൻജിനിയറിംഗ് വിദ്യാർത്ഥികളായിരിക്കെ രഹസ്യ കാമറ വഴി മുഖ്യപ്രതി പകർത്തിയ ഇരുവരുടെയും സ്വകാര്യ നിമിഷങ്ങൾ കാണിച്ച് ഭീഷണിപ്പെടുത്തിയാണ് മതം മാറ്റത്തിന് സമ്മതിപ്പിച്ചത്.

ഇതിന് പെൺകുട്ടിയുടെ പിതാവിന്റെ പേരിൽ ബംഗളൂരുവിൽ വ്യാജവിലാസം ഉണ്ടാക്കി. റിയാസിനൊപ്പമാണ് പെൺകുട്ടി സൗദിയിലെത്തിയത്. സിറിയയിലേക്ക് കടത്തുമെന്ന് മനസിലാക്കി പെൺകുട്ടി ഗുജറാത്തിൽ കഴിയുന്ന മാതാപിതാക്കളെ ഫോണിൽ ബന്ധപ്പെട്ട് വിമാന ടിക്കറ്റ് ഇമെയിലിൽ ലഭ്യമാക്കി രക്ഷപ്പെടുകയായിരുന്നു. അയൽ ഫ്ലാറ്റിൽ താമസിച്ചിരുന്നയാളാണ് ടാക്സി ഏർപ്പാടാക്കി വാടക നൽകിയത്.

പെൺകുട്ടി രഹസ്യ മൊഴി നൽകി

താൻ ചതിക്കപ്പെട്ടതിനെ പറ്റി പെൺകുട്ടി മജിസ്ട്രേട്ടിന് രഹസ്യ മൊഴി നൽകിയിട്ടുണ്ട്. റിയാസുമൊത്തുള്ള സ്വകാര്യ നിമിഷങ്ങൾ പകർത്തി ഭീഷണിപ്പെടുത്തിയതും വിവാഹത്തിന് സമ്മതിപ്പിച്ചതും വ്യാജരേഖ ചമച്ചതുമെല്ലാം മൊഴിയിലുണ്ടെന്നാണ് വിവരം.

മതം മാറ്റത്തിലെ തീവ്രവാദ ബന്ധം എൻ.ഐ.എ അന്വേഷിക്കണം എന്നാവശ്യപ്പെട്ട് പെൺകുട്ടി ഹൈക്കോടതിയിൽ ഹർജി നൽകിയിട്ടുണ്ട്. പോപ്പുലർ ഫ്രണ്ട് പ്രവർത്തകരാണ് മതം മാറ്റത്തിന് ഒത്താശ ചെയ്യുന്നതെന്ന് ഹർജിയിൽ പറയുന്നു. ഈ മാസം 23ന് കേസ് പരിഗണിക്കും.

ഷെറിന്റെ മരണം

വളർത്തച്ഛനെതിരെ കൊലക്കുറ്റം

ഹ്യൂസ്റ്റൺ: അമേരിക്കയിൽ മൂന്ന് വയസുകാരി ഷെറിൻ മാത്യൂസ് ദുരൂഹമായി മരിച്ച സംഭവത്തിൽ വളർത്തച്ഛൻ വെസ്ലി മാത്യൂസിനിതിരെ കൊലക്കുറ്റം ചുമത്തി. ഇതോടെ വളർത്തച്ഛന് പരോളില്ലാത്ത ജീവപര്യന്തം മുതൽ വധശിക്ഷ വരെ ലഭിക്കാം. കുട്ടിയെ ഉപേക്ഷിച്ച് പോയതിന് വെസ്ലിയുടെ ഭാര്യ സിനിക്കെതിരെയും കേസെടുത്തു.

കൊലക്കുറ്റം, തെളിവ് നശിപ്പിക്കൽ, ഉപദ്രവിച്ച് പരിക്കേൽപ്പിക്കൽ എന്നിവയാണ് വെസ്ലി മാത്യൂസിനെതിരെ ചുമത്തിയ കുറ്റങ്ങൾ.

ഷെറിനെ ഉപേക്ഷിച്ചതും അപകടത്തിലാക്കിയതുമാണ് സിനിക്കെതിരെയുള്ള കുറ്റങ്ങൾ. അവർക്ക് രണ്ട് മുതൽ ഇരുപത് വർഷം വരെ തടവ് ശിക്ഷ ലഭിക്കാം.



വെസ്ലി മാത്യൂസ്, ഭാര്യ സിനി

വെസ്ലിക്കും ഭാര്യയ്ക്കുമെതിരെ പ്രോസിക്യൂഷൻ സമർപ്പിച്ച കുറ്റപത്രം ഡാലസ് കൗണ്ടിയിലെ ഗ്രാൻഡ് ജൂറിയാണ് ശരിവച്ചത്.

ഷെറിന്റെ മരണത്തിൽ സംഭവിച്ചത് എന്താണെന്ന് വ്യക്തമാണെന്ന് പ്രോസിക്യൂഷൻ പറഞ്ഞു. വെസ്ലിക്കും സിനിക്കും പരമാവധി ശിക്ഷ നൽകണമെന്നും പ്രോസിക്യൂഷൻ ആവശ്യപ്പെട്ടു.

വധശിക്ഷ വരെ ലഭിക്കാം

കഴിഞ്ഞ ഒക്ടോബർ 7നാണ് ഷെറിനെ വീട്ടിൽ നിന്ന് കാണാതായത്. പാലുകുടിക്കാത്തതിന് ശിക്ഷയായി വീടിന് പുറത്തുനിറുത്തിയ കുട്ടിയെ കാണാതായെന്നാണ് വെസ്ലി ആദ്യം പൊലീസിനെ അറിയിച്ചത്. രണ്ടാഴ്ചയ്ക്കു ശേഷം ഷെറിന്റെ മൃതദേഹം വീടിന് അര കിലോമീറ്റർ അകലെയുള്ള ഓടയിൽ നിന്ന് കണ്ടെത്തുകയായിരുന്നു. അതോടെ നിർബന്ധിച്ച് പാലുകുടിപ്പിച്ചപ്പോൾ ശ്വാസ തടസമുണ്ടായി മരിച്ച ഷെറിനെ ഓടയിൽ ഉപേക്ഷിച്ചെന്ന് വെസ്ലി മൊഴിമാറ്റിയിരുന്നു.

ബിഹാറിലെ സന്നദ്ധസംഘടനയായ മദർ തെരേസ അനദ് സേവാ സൻസ്ഥാനിൽ നിന്ന് 2016ലാണ് മലയാളി ദമ്പതികളായ വെസ്ലിയും സിനിയും ഷെറിനെ ദത്തെടുത്തത്. ഇക്കഴിഞ്ഞ ഒക്ടോബർ 22 ന് ഇവരുടെ ടെക്സാസിലെ വീടിന് സമീപമുള്ള കലുങ്കിനകത്ത് ഷെറിനെ മരിച്ച നിലയിൽ കണ്ടെത്തുകയായിരുന്നു. സംഭവവുമായി ബന്ധപ്പെട്ട് അമേരിക്കൻ അഡോപ്ഷൻ ഏജൻസിയായ ഹോൾട്ട് ഇന്റർനാഷണലിന്റെ ഇന്ത്യയിലെ പ്രവർത്തനത്തിനുള്ള ലൈസൻസ് കേന്ദ്രം റദ്ദാക്കിയിരുന്നു.

കാട്ടാനയുടെ ആക്രമണത്തിൽ ടാപ്പിംഗ് സൂപ്പർവൈസർക്ക് ദാരുണാന്ത്യം

- ■ സംഭവം ഫാമിംഗ് കോർപറേഷൻ എസ്റ്റേറ്റിൽ
- ■ ആനക്കാവൽ പിൻവലിച്ചത് വിനയായി

പത്തനാപുരം: സ്റ്റേറ്റ് ഫാമിംഗ് കോർപറേഷന്റെ കുമരംകുടി എസ്റ്റേറ്റിലെ ടാപ്പിംഗ് സൂപ്പർ വൈസർ പിറവന്തൂർ കറവൂർ ചണ്ണക്കാമൺ കാർത്തികയിൽ സുഗതൻ (58) കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടു. കാട്ടാന ഇറങ്ങുന്നത് നിരീക്ഷിക്കാൻ നിയോഗിച്ചിരുന്നവരെ മൂന്ന് ദിവസം മുമ്പ് മാനേജ്മെന്റ് പിൻവലിക്കുകയായിരുന്നു.

ഇന്നലെ രാവിലെ 9 മണിയോടെ എസ്റ്റേറ്റിലെ പറങ്കിമാംകുഴ് ഭാഗത്ത് ആനയിറങ്ങിയ വിവരം ടാപ്പിംഗ് തൊഴിലാളികളെ അറിയിക്കാൻ പോകുമ്പോൾ മരങ്ങൾക്കിടയിൽ മറഞ്ഞുനിന്ന ആന സുഗതനെ തുമ്പിക്കൈ കൊണ്ട് എടുത്ത് എറിയുകയായിരുന്നു. തത്ക്ഷണം മരിച്ചു. നിലവിളി കേട്ട് ഓടിയെത്തിയ തൊഴിലാളികളാണ് വിവരം മറ്റുള്ളവരെ അറിയിച്ചത്. തുടർന്ന് എസ്.എഫ്.സി.കെ അധികൃതരും പൊലീസും വനം വകുപ്പ് ഉദ്യോഗസ്ഥരും സ്ഥലത്തെത്തി.

സുഗതൻ

ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കി ഉച്ചയ്ക്ക് 12 മണിയോടെ മൃതദേഹം പോസ്റ്റുമോർട്ടത്തിന് കൊണ്ടുപോകാൻ ആംബുലൻസിൽ കയറ്റിയപ്പോൾ തൊഴിലാളികൾ സംഘടിച്ച് പ്രതിഷേധവുമായി എത്തി. സംഭവം നടന്ന് മണിക്കൂറുകൾ കഴിഞ്ഞിട്ടും ഫാമിംഗ് കോർപറേഷൻ എം.ഡി സ്ഥലത്ത് എത്താതിരുന്നതാണ് തൊഴിലാളികളുടെ പ്രതിഷേധത്തിന് കാരണം. തുടർന്ന് സ്ഥലത്തെത്തിയ എം.ഡി സി.എഫ്. റോബർട്ടിനെ തൊഴിലാളികൾ കൂകിവിളിക്കുകയും അസഭ്യം പറയുകയും ചെയ്തു. ആനക്കാവൽ പിൻവലിച്ചതാണ് തൊഴിലാളികളെ പ്രകോപിപ്പിച്ചത്.

യൂണിയൻ നേതാക്കളുമായി നടത്തിയ ചർച്ചയിൽ തൊഴിലാളികളുടെ സുരക്ഷയ്ക്ക് നടപടി സ്വീകരിക്കാമെന്ന് എം.ഡി ഉറപ്പ് നൽകിയ ശേഷമാണ് തൊഴിലാളികളുടെ രോഷം ശമിച്ചത്.

സുഗതന്റെ മൃതദേഹം പുനലൂർ താലൂക്ക് ആശുപത്രിയിൽ പോസ്റ്റുമോർട്ടത്തിന് ശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. ഇന്ന് ഉച്ചയ്ക്ക് 12ന് കുമരംകുടിയിലെ എസ്റ്റേറ്റ് ഓഫീസിൽ പൊതുദർശനത്തിന് വച്ച ശേഷം 2 മണിയോടെ വീട്ടുവളപ്പിൽ സംസ്കരിക്കും. ഭാര്യ: ഉഷ. മക്കൾ: സേതുമാധവൻ, ജ്യോതിലക്ഷ്മി.

നടപടിക്രമത്തിൽ തിരുത്തൽ വേണം: ജസ്റ്റിസ് കുര്യൻ ജോസഫ്

കൊച്ചി: സുപ്രീംകോടതിയുടെ നടപടിക്രമത്തിൽ ചില തിരുത്തലുകൾ ആവശ്യമാണെന്ന് സുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് കുര്യൻ ജോസഫ് പറഞ്ഞു.

■ മുതിർന്ന ജഡ്ജിമാരുടെ അഭിപ്രായം മാനിക്കാത്തത് ചീഫ് ജസ്റ്റിസിന്റെ വീഴ്ചയാണോ?

ഏത് കേസ് എവിടെ വിടണമെന്നത് അദ്ദേഹത്തിന്റെ തന്നെ ഉത്തരവാദിത്വത്തിൽപ്പെട്ട കാര്യമാണ്. മുതിർന്ന ജഡ്ജിമാരുമായി ആലോചിക്കേണ്ടതില്ല. പക്ഷേ, ചില നടപടിക്രമങ്ങളും കീഴ്‌വഴക്കങ്ങളുമുണ്ട്. അക്കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ് ചെയ്തത്.

■ പുറത്തു നിന്നുള്ള ഇടപെടൽ വേണോ?

യാതൊരാവശ്യവുമില്ല. പുറത്തുള്ളവർ ഇടപെടേണ്ട ആവശ്യമില്ല. ഇതൊരു സ്ഥാപനത്തിനകത്തെ സംഭവമാണ്. സ്ഥാപനം തന്നെ വേണ്ട നടപടി എടുക്കുന്നുണ്ട്.

■ രാഷ്ട്രപതിക്ക് മുന്നിൽ അവതരിപ്പിക്കാമായിരുന്നില്ലേ?

രാഷ്ട്രപതിക്ക് മുന്നിൽ അവതരിപ്പിക്കുന്നതുകൊണ്ട് പ്രത്യേകിച്ച് കാര്യമില്ല. രാഷ്ട്രപതി നിയമനാധികാരിയാണെന്നതിനപ്പുറം സുപ്രീം കോടതിയുടെ മുകളിലോ, സുപ്രീംകോടതി ജഡ്ജിമാരുടെ മുകളിലോ അദ്ദേഹത്തിന് ഭരണഘടനാപരമായ ഉത്തരവാദിത്വങ്ങളില്ല.

■ വേറൊരു വേദിയില്ലേ?

വേറൊരു വേദിയില്ല. ഇത് സുപ്രീംകോടതിയല്ലേ. സുപ്രീംകോടതിക്ക് പകരം സുപ്രീംകോടതി മാത്രമേയുള്ളൂ.

■ പ്രതികരിക്കാൻ വൈകിയെന്ന് തോന്നിയോ?

ഇല്ല, യഥാസമയം പ്രതികരിച്ചിട്ടുണ്ട്. എന്നിട്ടും നടപടി ഉണ്ടാകാത്തതിനാലാണ് പുറത്ത് പറഞ്ഞത്. നാളെയൊരിക്കൽ എന്തുകൊണ്ട് ഇത് നിങ്ങളുടെ മനഃസാക്ഷി പ്രകാരം പറഞ്ഞില്ല എന്നൊരു ആരോപണം വരാതിരിക്കാൻ വേണ്ടി പറഞ്ഞതാണ്. ഇതെന്തായാലും ഒരു തിരുത്തലാണ്. ആ തിരുത്തലോടു കൂടി പ്രശ്നങ്ങൾ അവസാനിക്കും.

■ കേസുകൾ വീതിച്ചു നൽകാൻ പുതിയ സംവിധാനം?

അതേക്കുറിച്ചാണ് പ്രശ്നമുണ്ടായത്. കീഴ്‌വഴക്കങ്ങളെ മാനിച്ച് പാരമ്പര്യങ്ങളും നടപടിക്രമങ്ങളും കണക്കിലെടുത്ത് നല്ല നടപടിയുണ്ടാകും എന്ന് വിശ്വസിക്കുന്നു.

■ ഡൽഹിയിൽ നിന്നെന്തെങ്കിലും സന്ദേശം?

അതിന്റെ ആവശ്യമില്ല. ഉന്നയിച്ച പ്രശ്നങ്ങൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപെട്ടപ്പോൾ കാര്യങ്ങൾ തീർന്നു.

■ ഇതുവരെയുള്ള പിഴവുകൾ എങ്ങനെ പരിഹരിക്കും?

നേരത്തേ വന്ന പിഴവുകളെക്കുറിച്ച് ഒന്നും പറയാൻ പറ്റില്ല. ഇനിയും പിഴവുകളുണ്ടാവാതിരിക്കാനാണ് ഇത്രയും ശക്തമായ നിലപാട് എടുത്തത്.

ജസ്റ്റിസ് കുര്യൻ ജോസഫ്

■ ജഡ്ജി ലോയയുടെ മരണവുമായി ബന്ധപ്പെട്ട കേസിനെക്കുറിച്ച്?

നോ കമന്റ്സ്, ഒരു സ്ഥാപനത്തിലെ നടപടിക്രമത്തെക്കുറിച്ചാണ് പ്രശ്നം. പ്രത്യേക സംഭവത്തെക്കുറിച്ചല്ല പറഞ്ഞത്.

■ ജഡ്ജിമാരുടെ നിയമനവും കൊളീജിയവും തർക്കവിഷയമാണോ?

അതുമിതുമായി യാതൊരു ബന്ധവുമില്ല.

■ തിങ്കളാഴ്ച കോടതിയിൽ പോകുമോ?

നൂറുശതമാനവും പോകുന്നുണ്ട്.

ചാരുംമൂട്ടിലെ പ്രിയാപിള്ള അവരുടെ 'പ്യാരിബേട്ടി'

എം.എച്ച്.വിഷ്ണു

തിരുവനന്തപുരം: മദ്ധ്യപ്രദേശിലെ സിംഗ്രൗളി ജില്ലയിലെ 54 ഗ്രാമങ്ങളിലെ ആദിവാസികളുടെ 'പ്യാരിബേട്ടി' യാണ് കായംകുളം ചാരുംമൂട്ടുകാരി പ്രിയാപിള്ള. അവരുടെ കാടും വീടും ജീവിതവും രക്ഷിക്കാൻ ഒമ്പതുവർഷമായി സമരമുഖത്താണ് പ്രിയ. ഓരോ ചാക്ക് അരിയും ഉള്ളിയും കിഴങ്ങും ഒരുലക്ഷം രൂപയും നല്കി കുടിയിറക്കപ്പെട്ട പതിനായിരക്കണക്കിന് ആദിവാസികളുടെകൈത്താങ്. 11 കൽക്കരിഖനികളും 9 തെർമൽ പവർപ്ലാന്റുകളും ഒരു സിമന്റ് പ്ലാന്റുമുള്ള സിംഗ്രൗളിയിൽ 'മഹാൻ സംഘർഷ് സമിതി' എന്ന പേരിൽ ആദിവാസികളുടെ മുന്നേറ്റം നയിക്കുന്നത് പ്രിയയാണ്.

ഏഷ്യയിലെ ഏറ്റവും പഴക്കമുള്ള സാൽ മരക്കാടുകളുള്ള മഹാനിലെ കൽക്കരി ഖനനത്തിനെതിരെയാണ് പ്രിയ സമരംതുടങ്ങിയത്. 1182 ഹെക്ടർ സ്ഥലത്തെ എസാർ കമ്പനിയുടെ ഖനനപദ്ധതിക്കും തെർമൽ പ്ലാന്റിനായും അഞ്ചു ഗ്രാമങ്ങൾ തുടച്ചുനീക്കപ്പെട്ടു. 54 ഗ്രാമങ്ങളിലെ 5 ലക്ഷത്തിലധികം ആദിവാസികളെയാണ് കുടിയൊഴിപ്പിക്കേണ്ടിയിരുന്നത്. എട്ടുവർഷം നീണ്ട പ്രിയയുടെ സമരത്തിനൊടുവിൽ കൽക്കരി ഖനന പദ്ധതി റദ്ദാക്കി. വനത്തിനുള്ളിൽ വേറെയും കൽക്കരിഖനന പദ്ധതികൾ ഒരുങ്ങുന്നുണ്ട്. അതിനെതിരെയാണ് ഇപ്പോഴത്തെ സമരം.

സ്കൂളും റോഡും വെള്ളവും ഭക്ഷണവും ജോലിയുമെല്ലാം വാഗ്ദാനം ചെയ്താണ് ആദിവാസികളെ കുടിയൊഴിപ്പിക്കുന്നത്. ഒന്നും കൊടുക്കില്ല. ഭരണകൂടത്തിന്റെ പിന്തുണയോടെയുള്ള കമ്പനികളുടെ കൊള്ളയെക്കുറിച്ച് ബ്രിട്ടീഷ് പാർലമെന്റിൽ പ്രസംഗിക്കാൻ പോകുംവഴിയാണ് രണ്ടുവർഷംമുൻപ് ഡൽഹിവിമാനത്താവളത്തിൽ പ്രിയാപിള്ള തടയപ്പെട്ടത്.

കൽക്കരി മാഫിയയാണ് അവിടെ ഭരണം നിയന്ത്രിക്കുന്നത്. സമരത്തിനിറങ്ങിയ പ്രിയയ്ക്കെതിരെ നാല് ക്രിമിനൽ കേസുകളും നിരവധി സിവിൽ കേസുകളുമെടുത്തു.

"സമരം അടിച്ചമർത്താനുള്ള തന്ത്രമാണിത്. മാസത്തിൽ 15 ദിവസം കേസിനായി പോകണം. ഒരുദിവസം സിംഗ്രൗളിയിലാണ് കേസെങ്കിൽ അടുത്തത് മുംബയിൽ, പിന്നെ ഡൽഹിയിൽ. ജീവന് നിരവധി തവണ ഭീഷണിയുണ്ടായിട്ടുണ്ട്. മഹാനിലെ പ്രബലവിഭാഗമായ ഠാക്കൂറുകളുടെ ഭീഷണിയുമുണ്ട്.''-പ്രിയ പറഞ്ഞു.

ആദിവാസികൾസൈന്യത്തിനും മാവോയിസ്റ്റുകൾക്കുമിടയിൽ കുടുങ്ങിക്കിടക്കുകയാണ്. സർക്കാരും മാവോയിസ്റ്റുകളും അവരെ ചൂഷണംചെയ്യുന്നു. മാവോയിസ്റ്റുകളാണെന്ന് മുദ്രകുത്തി ആദിവാസികളെ വർഷങ്ങളോളം ജയിലിലിടുന്നു.

പൊലീസിന് വിവരം നൽകുന്നവരെന്ന് പറഞ്ഞ് മാവോയിസ്റ്റുകളും ചൂഷണംചെയ്യുന്നു. സർക്കാരിനും മാവോയിസ്റ്റുകൾക്കുമിടയിൽ മദ്ധ്യസ്ഥതയ്ക്ക് തനിക്ക് വൈദഗ്ദ്ധ്യമില്ലെന്നും പ്രിയാപിള്ള പറഞ്ഞു.

> "മഹാനിലെ ആദിവാസികൾക്ക് വാഗ്ദാനംചെയ്ത വികസനം നേടിയെടുക്കും. അവരുടെ ജീവിതം കാടാണ്. അതുസംരക്ഷിക്കാൻ യുദ്ധംതുടരും."
>
> *പ്രിയാപിള്ള*

KAUMUDI SPECIAL

വികസനം 'കാട് കയറിയപ്പോൾ' ചരിഞ്ഞത് 200 കാട്ടാനകൾ

മഞ്ജു എം. ജോയ്

തിരുവനന്തപുരം: ഇന്ത്യയിൽ 1987ൽ കാടുകൾ തെളിച്ച് തീവണ്ടിപ്പാതകൾ നിർമ്മിച്ചതിനുശേഷം ഇരുനൂറോളം കാട്ടാനകൾ അപകടത്തിൽ പെട്ട് ചരിഞ്ഞതായി ഡെറാഡൂൺ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ വി. ബി. മാത്തൂർ പറഞ്ഞു.

ഇന്ത്യയിലെ പ്രധാന ദേശീയപാർക്കുകളും വനം, വന്യജീവി, കടുവാ സങ്കേതങ്ങളുമെല്ലാം വികസനത്തിന്റെ ബലിയാടുകളാണ്. ഇന്ത്യയിലെ 88 പ്രധാന ആനത്താരകളിൽ 72 ലൂടെയും ദേശീയപാതകളും മറ്റ് പ്രധാന റോഡുകളും കടന്നുപോകുന്നുണ്ട്. ഏഴെണ്ണത്തിനു കുറുകെ റെയിൽവേ ലൈനുകളുണ്ട്. സംരക്ഷിത മേഖലകളായ 50 കടുവാസങ്കേതങ്ങളിൽ 26 എണ്ണത്തിലൂടെ പ്രധാനറോഡുകൾകടന്നുപോകുന്നുണ്ടെന്നും വി.ബി. മാത്തൂർ പറഞ്ഞു.

തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലെ കാട്ടാന സംരക്ഷണവുമായി ബന്ധപ്പെട്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയവും കേരള വനംവകുപ്പും സംയുക്തമായി തിരുവനന്തപുരത്ത് സംഘടിപ്പിച്ച ദ്വിദിന ശിൽപശാലയിൽ പങ്കെടുക്കാൻ എത്തിയതാണ് അദ്ദേഹം.

ഇന്ത്യയിൽ ഓരോ വർഷവും 400 മനുഷ്യരും 100 ആനകളും പരസ്പരമുള്ള ഏറ്റുമുട്ടലിൽ കൊല്ലപ്പെടുന്നുണ്ട്. ആന, മനുഷ്യരെ ആക്രമിക്കുന്നത് വർദ്ധിക്കുന്നതിന് പിന്നിൽ ആനത്താരകളിലെയും വനമേഖലകളിലെയും വികസന പ്രവർത്തനങ്ങൾ ഒരു കാരണമാണ്. പദ്ധതികൾ നടപ്പാക്കുമ്പോൾ ഈ മേഖലകൾ ഒഴിവാക്കിയാൽ അപകടങ്ങളുടെ എണ്ണം കുറയുമെന്ന് കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് അഡിഷണൽ ഡയറക്ടർ ജനറൽ എം.എസ് നഗി പറഞ്ഞു.

27,000	ഇന്ത്യയിലാകെ കാട്ടാനകൾ
6000	ഏറ്റവുമധികം കർണാടകയിൽ
40-50	കൊമ്പിനുവേണ്ടി കൊന്നത്
40-70	വൈദ്യുതാഘാതമേറ്റ് ചരിഞ്ഞത്
20-30	വിഷം അകത്തു ചെന്നുള്ള മരണം

കെ.എസ്.ആർ.ടി.സിയെ രക്ഷിക്കാൻ തിരുവഞ്ചൂരിന്റെ കത്ത്

തിരുവനന്തപുരം: ലാഭനഷ്ടകണക്കുകൾ നോക്കാതെ കെ.എസ്.ആർ.ടി.സിയുടെ പുനരുജ്ജീവനത്തിന് അടിയന്തര നടപടികളും മതിയായ ധനസഹായവും നൽകാൻ സർക്കാർ തയ്യാറാകണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് മുൻ ഗതാഗതമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എയുടെ കത്ത്. നഷ്ടം നോക്കാതെ കെ.എസ്.ആർ.ടി.സിയെ സംരക്ഷിക്കുന്നത് സർക്കാർ സാമൂഹിക ഉത്തരവാദിത്തമായി കണക്കാക്കണമെന്ന് കത്തിൽ പറയുന്നു.